എൽ.ആർ.(എ)3-45470/11

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി 18-11-2011

26878

കമ്മീഷണർ

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

സർ,

വിഷയം:- കേരളമുദ്രപ്പത്ര നിയമം 54(2)-അയ്യന്തോൾ സബ്ബ് രജിസ്ട്രാർ ആഫീസിലെ പി11/11 നം ബന്തവസ്സാധാരം-മുദ്രസല നിർണ്ണയം നടത്തുന്നത്-സംബന്ധിച്ച്

സൂചന:- താങ്കളുടെ 11-10-11-ലെ RR4-19232/11 നം കത്ത്

കേരള മുദ്രപ്പത്ര നിയമം 54(2) വകുപ്പ് പ്രകാരം അയ്യന്തോൾ സബ് രജിസ്ട്രാർ ഓഫീസിലെ പി11/11ാം നമ്പർ ബന്തവസ്സാധാരത്തിന്റെ പകർപ്പ് മുദ്രസല നിർണ്ണയത്തിനായി സമർപ്പിച്ചിരുന്നു. ആയതിന്മേലുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

അയ്യന്തോൾ സബ്ബ് രജിസ്ട്രാർ ആഫീസിലെ പി11/11 നമ്പർ ബന്തവസ്സാധാരം ടി ആഫീസ് മുഖേന **2001**-ൽ 2096-ാം നമ്പരായി രജിസ്റ്റർ ചെയ്ത വിലയാധാരത്തിന്റെ റദ്ദാധാരമാണ്. ടി റദ്ദാധാരത്തിന് ഹേതുവായ **2001**-ലെ 2096-ാം നമ്പർ ആധാരപകർപ്പ് പരിശോധിച്ചതിൽ ടി ആധാരം എഴുതിക്കൊടുത്തത് കേരളാ സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനോ ടി കോർപ്പറേഷനു വേണ്ടിയോ അല്ലെന്ന് കാണുന്നു. ഒരു വിലയാധാരത്തെ റദ്ദ് ചെയ്യുന്നത് എഴുതിക്കൊടുത്ത കക്ഷിയും എഴുതി വാങ്ങിയ കക്ഷിയും പരസ്പരസമ്മതത്തോടെ എഴുതിപ്പിടിപ്പിച്ചിരിക്കണമെന്ന് ബഹു.ഹൈക്കോടതിയുടെ WP(CNo.34367 & 37150/09 നമ്പർ വിധിന്യായത്തിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ ടി ബന്തവസ്സാധാരത്തിൽ **2096/01**-ാം നമ്പർ വില എഴുതിക്കൊടുത്ത കക്ഷിയോ എഴുതി വാങ്ങിയ കക്ഷിയൊ ഒപ്പു സമ്മതം രേഖപ്പെടുത്തിയിട്ടില്ല. ടി കോർപ്പറേഷനുവേണ്ടി എസ്റ്റേറ്റ് മാനേജരാണ് ഒപ്പിട്ടുള്ളത്. കൂടാതെ ആധാരത്തിൽ പരാമർശിച്ചിട്ടുള്ള WP(C)-10529/06(സി) തീയതി 15-10-08-

ലെ വിധിന്യായത്തിൽ റദ്ദാധാരം ചമയ്ക്കുവാൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന കാര്യവും ആധാരത്തിൽ വ്യക്തമല്ല.

കേരള രജിസ്ട്രേഷൻ മാന്വൽ ഉത്തരവ് 220(1) അനുസരിച്ച് മുമ്പ് രജിസ്റ്ററാക്കിയിട്ടുള്ള ഒരു രജിസ്റ്ററിന്റെ റദ്ദ് "റദ്ദ്" മാത്രമാണ് കേരള മുദ്രപ്പത്രനിയമം പട്ടിക ആർട്ടിക്കിൾ 15 പ്രകാരം ദുർബലപ്പെടുത്തുന്ന കരണങ്ങൾക്ക് (Cancellation deeds) 250/- രൂപ മുദ്ര ചുമത്തിയാൽ മതിയാകും. മുമ്പ് രജിസ്റ്റർ ചെയ്ത ഒരു കരണത്തെ റദ്ദ് ചെയ്യുന്ന ടി ബന്ധവസ്സാധാരം ടി നിയമം പട്ടിക 15-ൽ ഉൾപ്പെടുന്നതിനാൽ മേൽ പ്രകാരം 250/-രൂപ മുദ്ര ചുമത്തിയ ക്രമം ശരിയാണെന്ന താങ്കളുടെ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
കമ്മീഷണർ

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സൂപ്രണ്ട്

പുറത്തെഴുത്ത് നമ്പർ ആർ.ആർ.4 - 19232/2011

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം,
തിരുവനന്തപുരം, തീയതി 25/11/2011

ഉത്തരവിന്റെ പകർപ്പ് അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു. ആധാരത്തിന്റെ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

25/11/11

25.11.11

വിശ്വസ്തതയോടെ

(ഒപ്പ്)
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഇൻ ചാർജ്ജ്

To ജില്ലാ രജിസ്ട്രാർ (ജനറൽ)
തൃശ്ശൂർ.